# നിലവാരം മെച്ചപ്പെടുത്തുകയും എണ്ണം കുറയ്ക്കുകയും

സാക് പുന്നൻ

WFTW 29 മെയ് 2016

യോഹന്നാൻ ആറാം അദ്ധ്യായം ആരംഭിക്കുന്നത് ഒരു വലിയ പുരുഷാരത്തോടു കൂടിയും (വാ.2) അവസാനിക്കുന്നത് 11 ആളുകളോടുകൂടിയുമാണ് (വാ.70). നിങ്ങൾക്ക് നിങ്ങളുടെ സഭയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി അതിൻറെ വലുപ്പം കുറയ്ക്കുന്നതെങ്ങനെയാണെന്ന് അറിയണമെങ്കിൽ, ഈ അദ്ധ്യായത്തിൽ യേശുവിൽ നിന്ന് നിങ്ങൾക്കു പഠിക്കാം. തീർച്ചയായും, മിക്ക പ്രാസംഗകരും പാസ്റ്റർമാരും അതിൽ താല്പര്യം ഉള്ളവരായിരിക്കുകയില്ല, കാരണംഅവരെപ്പോഴും തങ്ങളുടെ സഭാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തൽപരരാണ്. എന്നാൽ ഗുണമേന്മ മെച്ചപ്പെടുത്തി വലുപ്പം കുറയ്ക്കുന്നതിൽ യേശു ഒരു വിദഗ്ധൻ ആയിരുന്നു.

വിജയം ഉറപ്പാക്കുന്നതിന് ഗിദയോന് ദൈവത്തിൻറെ സാന്നിധ്യം ലഭിക്കേണ്ടതിനായി, അതിനു മുമ്പെ ദൈവം ഗിദയോൻറെ സൈന്യത്തിലെ ആളുകളുടെ എണ്ണം 99% കുറച്ച്, 33000ൽ നിന്ന് 300 ആക്കിത്തീർത്തു. ദൈവം എപ്പോഴും അവിടുത്തെ ഉദ്ദേശ്യങ്ങൾ നിറവേറ്റിയിട്ടുള്ളത് തിരെഞ്ഞെടുക്കപ്പെട്ട വളരെക്കുറച്ചുപേരെക്കൊണ്ടാണ്. അതെങ്ങനെയാണ് ചെയ്തതെന്ന് ഇവിടെ നമുക്കു കണാൻ കഴിയും. അവിടുത്തോടുകൂടി ക്രൂശിക്കപ്പെടുന്നതിനെപ്പെറ്റി അവിടുന്ന് പ്രസംഗിച്ചു. ('എൻറെ മാംസം തിന്നുകയും എൻറെ രക്തം കുടിക്കുകയും ചെയ്യുക' വാ.5,6). ഇത് വലിയ പുരുഷാരത്തിലെ മിക്ക ആളുകൾക്കും ഇടർച്ചയായിട്ട് തീരുകയും അദ്ദേഹത്തിൻറെ അനേക ശിഷ്യന്മാരും 'ഇത് കഠിനവാക്ക്' (വാ.60,66) എന്നു പറഞ്ഞ് അവിടുത്തെ വിട്ട് പോകുകയും ചെയ്തു. യേശു അവരിൽ ആരോടും പോകാതെ 'ഇവിടെ നിൽക്കണം' എന്ന് ഒരിക്കലും ആവശ്യപ്പെട്ടില്ല.

യേശു ശേഷിച്ച 12 ശിഷ്യന്മാരോടു തിരിഞ്ഞ് അവരെപ്പോലും, നിങ്ങൾക്കും പോകാൻ മനസ്സുണ്ടോ എന്നു ചോദിച്ചു. യേശുവിൻറെ മനോഭാവം ഇതായിരുന്നു. 'ക്രൂശിൻറെ സന്ദേശംകൊണ്ട് ആർക്കെങ്കിലും ഇടർച്ച ഉണ്ടായി എന്നെ വിട്ടുപോകാൻ ആഗ്രഹിച്ചാൽ, ഞാൻ അവനെ തടയുകയില്ല. എന്നാൽ ആരുടെയെങ്കിലും അഭിരുചിക്കുയോജിക്കത്തക്കവിധം ശിഷ്യത്വത്തിനു വേണ്ട യോഗ്യതകളെ ഞാൻ താഴ്ത്താനും പോകുന്നില്ല'.

ഓരോ പ്രസംഗകനും ഈ മനോഭാവം ഉണ്ടായിരുന്നെങ്കിൽ എത്ര ശക്തിയുള്ള സഭകൾ നമുക്ക് ഭൂമിയിൽ ഉണ്ടാകുമായിരുന്നു! ഇന്ന്, പ്രസംഗകർ ആളുകളെ സാമ്പത്തികമായി അനുഗ്രഹിക്കപ്പെടുവാനും, ശാരീരികമായി സൗഖ്യമാകുവാനുമായി യേശുവിങ്കലേക്കു ക്ഷണിക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങൾക്കു തരാമെന്നു പറയുന്ന ഒരു 'യേശു'വിങ്കലേക്കു വരുവാൻ ആർക്കാണ് ആഗ്രഹമില്ലാത്തത്? എന്നാൽ അത് 'മറ്റൊരു യേശുവാണ്'. എന്നാൽ സമൃദ്ധി പ്രസംഗിക്കാത്ത അനേകം വിശ്വാസികൾ പോലും ഇപ്പോഴും വിശ്വസിക്കുന്നത് അവരുടെമേൽ ദൈവത്തിൻറെ അനുഗ്രഹം ഉണ്ട് എന്നതിൻറെ അടയാളം അതാണെന്നാണ്. ഇതൊരു വഞ്ചനയാണ്. ഓരോ മതവിഭാഗത്തിലുമുള്ള വക്രബുദ്ധികളായ വ്യാപാരിസമൂഹത്തെ നോക്കുക, അവർ പണമുണ്ടാക്കുകയും ദൈവം അവരെ അനുഗ്രഹിച്ചിരിക്കുന്നു എന്നു കരുതുകയും ചെയ്യുന്നു!

ദൈവത്തിൻറെ അനുഗ്രഹത്തിന് ഒരടയാളം മാത്രമെയുള്ളു അത് നിങ്ങൾ കൂടുതൽ കൂടുതൽ യേശുവിനോട് അനുരൂപരായയിത്തീരുന്നു എന്നതാണ്. യഥാർത്ഥ യേശു നമ്മെ ക്ഷണിക്കുന്നത് 'വന്നു മരിക്കുക' എന്ന കാര്യത്തിനാണ്. ഇത്തരം ഒരു സന്ദേശത്തിലേക്ക്

അധികമാരും ആകർഷിക്കപ്പെടാറില്ല. അത് അതിശയോക്തിയല്ല, കാരണം ജീവനിലേക്കുള്ള വഴി കണ്ടെത്തുന്നവർ വളരെ ചുരുക്കമാണ് എന്ന് യേശു തന്നെ പറഞ്ഞു ( മത്താ. 7:14) .

എന്നാൽ ആ ചുരുക്കം പേർ സഭയെ പണിയും. യേശു പറഞ്ഞതുപോലെ അവർ ഭൂമിയിൽ അനവധി കഷ്ടതകളും തെറ്റിദ്ധാരണകളും ഉപദ്രവങ്ങളും നേരിടേണ്ടി വരും (യോഹ. 16:33).എന്നാൽ നിത്യത മുഴുവൻ നിലനിൽക്കുന്ന ഒരു പണി ദൈവത്തിനു വേണ്ടി അവർ ചെയ്യും.